കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - കവിത കാർണിവൽ 2017 സംഘാടന ചെലവുകൾക്കായി മുനിസിപ്പാലിറ്റികളുടെയും ഗ്രാമപഞ്ചായത്തുകളുടെയും തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 270/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 31/01/2017

---

പരാമർശം:- 1) കവിത കാർണിവൽ സംഘാടക സമിതി കൺവീനറുടെ കത്ത്.

2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

വിവിധ സാഹിത്യ സാംസ്കാരിക അക്കാദമികൾ, സാംസ്കാരിക ഏജൻസികൾ, പ്രാദേശിക ഭരണകൂടങ്ങൾ, ബിനാലെ ഫൗണ്ടേഷൻ, മലയാള നാട് വെബ് കമ്മ്യൂണിറ്റി, സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി സംഘടിപ്പിക്കുന്ന കവിത കാർണിവൽ 2017 ന് പട്ടാമ്പിയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ശ്രീനീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിൽ നടക്കുന്ന കവിത കാർണിവൽ 2017-ന് പട്ടാമ്പി, ഒറ്റപ്പാലം, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിൽ നിന്നും പട്ടാമ്പി, തൃത്താല, ഒറ്റപ്പാലം എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10000/- (പതിനായിരം രൂപ) വീതം അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കവിത കാർണിവൽ 2017 സംഘാടക ഫിനാൻസ് കൺവീനർ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ചെയർമാൻ, കവിത കാർണിവൽ സംഘാടക സമിതി, ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.